# CURRENT AFFAIRS 05 DEC 2024




### ലോക മണ്ണ് ദിനം
ഡിസംബർ 05
- 2024 Theme - Caring for soils: measure, monitor, manage
- ആരോഗ്യകരമായ മണ്ണിന്റെ പ്രാധാന്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും മണ്ണ് വിഭവങ്ങളുടെ സുസ്ഥിര പരിപാലനത്തിന് വേണ്ടിയും എല്ലാ വർഷവും ഡിസംബർ 5ന് ലോക മണ്ണ് ദിനം (WSD) ആചരിക്കുന്നു.

---



### ശ്രീലങ്കയുടെ 48-ാമത് ചീഫ് ജസ്റ്റിസായി നിയമിതയായത്
ജസ്റ്റിസ് മുർദു നിരുപ ബിന്ദുഷിനി ഫെർണാണ്ടോ
- ശ്രീലങ്കയുടെ ചീഫ് ജസ്റ്റിസ് പദവിയിലെത്തുന്ന രണ്ടാമത്തെ വനിതയാണ് മുർദു നിരുപ ബിന്ദുഷിനി ഫെർണാണ്ടോ.
- അടുത്തിടെ വിരമിച്ച ജസ്റ്റിസ് ജയന്ത ജയസൂര്യയുടെ പിൻഗാമിയായാണ് ജസ്റ്റിസ് ഫെർണാണ്ടോ നിയമിതയായത്.

---


നെതുംബോ നന്ദി-ഡെത്വ

### നമീബിയയുടെ ആദ്യ വനിതാ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്
നെതുംബോ നന്ദി-ഡെത്വ

---

### മഹാകുംഭമേള എന്ന ജില്ല നിലവിൽ വരുന്ന സംസ്ഥാനം
ഉത്തർപ്രദേശ്
- പ്രയാഗ്‌രാജിൽ മഹാകുംഭമേള നടക്കുന്ന സ്ഥലത്തെയാണ് ഉത്തർപ്രദേശ് സർക്കാർ പുതിയ ജില്ലയായി പ്രഖ്യാപിച്ചത്.
- 2025-ലെ മഹാ കുംഭമേളയുടെ സുഖമമായ നടത്തിപ്പിനാണ് പുതിയ ജില്ല രൂപീകരിച്ചത്.

---


നിഹാൽ സരിൻ

### ഉസ്ബക്കിസ്താനിൽ നടന്ന 2024ലെ പ്രസിഡന്റ് കപ്പ് ചെസിൽ കിരീടം സ്വന്തമാക്കിയ മലയാളി താരം
നിഹാൽ സരിൻ

---




### ഐഐടി കാൺപൂരിലെ ഗവേഷകർ വികസിപ്പിച്ച അത്യാധുനിക പ്രതിരോധ സാങ്കേതികവിദ്യ
അനലക്ഷ്യ
- യുദ്ധവിമാനങ്ങളെയും ടാങ്കുകളെയും ശത്രുവിന്റെ റഡാർ കണ്ണുകളിൽ പെടാതെ മറയ്ക്കുന്ന മെറ്റാ മെറ്റീരിയൽ സർഫസ് ക്ലോക്കിങ് സിസ്റ്റം ആണ് ഗവേഷകർ വികസിപ്പിച്ചത്.
- ശത്രുവിന്റെ റഡാർ നിരീക്ഷണത്തിൽ പെടാതെ ആക്രമണം നടത്താനുള്ള സ്റ്റെൽത്ത് സാങ്കേതിക വിദ്യ ചുരുക്കം ചില രാജ്യങ്ങൾക്ക് മാത്രമാണ് സ്വന്തമായുള്ളത്.